11/646/2016

# രണ്ടാം പാദവാർഷിക മൂല്യനിർണയം - 2016-17

**B**

## മലയാളം – I

## കേരളപാഠാവലി

സ്റ്റാൻഡേർഡ്: X

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 . പട്ടിക ക്രമീകരിക്കുക 4

| രചന | രചയിതാവ് | സംഭാഷണം/വരികൾ |
|---|---|---|
| ഞാൻ കഥാകാരനായ കഥ | പെരുമ്പടവം ശ്രീധരൻ | പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ |
| അശ്വമേധം | ശരൺകുമാർ ലിംബാളെ | ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം |
| ഒരു സങ്കീർത്തനംപോലെ | എസ്.കെ. പൊറ്റെക്കാട്ട് | എന്റെ സത്യസന്ധത എനിക്കു നല്കിയ ആനന്ദം ആ മുപ്പതു രൂപയെക്കാൾ എത്രയോ വലുതായിരുന്നു |
| അക്കർമാശി | വയലാർ | എനിക്കീ നോവൽ അത്രവേഗം തീർക്കണമെന്നില്ല. |

2) ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്? 1

- ഈ വാക്യത്തിന്റെ ആശയവുമായി ഏറ്റവും അടുത്തുനിൽക്കുന്ന വാക്യമേത്?

എ) ഉപദേശത്തിന്റെ കുറവുകൊണ്ടാണ് മനുഷ്യൻ ചീത്തയാകുന്നത്.

ബി) ഉപദേശമാണ് മനുഷ്യന്റെ എല്ലാ കുറവുകൾക്കും കാരണം.

സി) ഉപദേശത്തിന്റെ കുറവുകൊണ്ടല്ല മനുഷ്യൻ ചീത്തയാകുന്നത്.

ഡി) ഉപദേശം കൂടിയതുകൊണ്ട് മാത്രമാണ് മനുഷ്യൻ ചീത്തയാകുന്നത്.

3) ആ <u>ഹൃദയോന്നതിക്കു</u> മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?

- അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ 1

എ) ഹൃദയമാകുന്ന ഉന്നതി.

ബി) ഹൃദയത്തിന്റെ ഉന്നതി.

സി) ഹൃദയവും ഉന്നതിയും.

ഡി) ഹൃദയംപോലെയുള്ള ഉന്നതി.

4) "ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?"

തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തിയെഴുതുക. 2

5) "ദുഷ്ക്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും."

- കലിയുടെ ഈ വാക്കുകൾ പ്രലോഭനം എന്ന ശീർഷകത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ? കണ്ടെത്തിയെഴുതുക. 2

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിനു മാത്രം ഉത്തരമെഴുതുക.**

**(ഓരോന്നിനും 4 സ്കോർ വീതം)**

6) വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ഒരു ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സാന്താമായി. എന്നാൽ സാന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കാൻ കൂട്ടാക്കിയില്ല. (അക്കർമാശി)

- ചെരുപ്പുകുത്തിയുടെ ഈ സമീപനം സാമൂഹ്യജീവിതാവസ്ഥയെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? വിശദമാക്കുക

7) 'ഏതോ ശാപനിലത്തിന്റെ മധ്യത്തിൽ തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർത്ഥമാണുള്ളത്?'

'എല്ലാവരിൽനിന്നും ഒറ്റപ്പെട്ട് തികച്ചും ഏകാകിതയിൽ..'

- വാക്യങ്ങൾ വിശകലനം ചെയ്ത് ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

8) "അതിനെ. അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിനർഥം."

- മാരാരുടെ ഈ നിരീക്ഷണം ഇക്കാലത്തും പ്രസക്തമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

9.
- അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി.
- എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ................

- ഞാൻ കഥാകാരനായ കഥ

ഇത്തരം ഭാഷാശൈലി ഈ അനുഭവക്കുറിപ്പിനെ ഭാവതീവ്രമാക്കുന്നുണ്ടോ? പാഠഭാഗത്തുനിന്നും കൂടുതൽ തെളിവുകൾ കണ്ടെത്തി വിലയിരുത്തുക.

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(ഓരോന്നിനും 6 സ്കോർ വീതം)**

10 ഉപന്യാസം തയാറാക്കുക

- "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും."
- 'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!"

തന്നിരിക്കുന്ന വരികളും അശ്വമേധത്തിൽ നിന്നും പ്രസക്തമായ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് 'മനുഷ്യപക്ഷത്തു നില്ക്കുന്ന കവിയാണ് വയലാർ' എന്ന വിഷയത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക. https://www.keralaboard.com

11 കഥാപാത്രനിരൂപണം തയാറാക്കുക

'ഞാൻ യജ്ഞം ചെയ്തു. ഭരിക്കേണ്ടവരെ ഭരിച്ചു; ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽ വച്ചു - ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം?'

'എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞുകരഞ്ഞ് എന്താവുമോ, ആവോ!' (യുദ്ധത്തിന്റെ പരിണാമം)

മുകളിൽ നല്കിയ സൂചനകൾ പ്രയോജനപ്പെടുത്തി ദുര്യോധനൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

12
- പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു?
- പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.
- പാരിലെന്നെയിന്നാരറിയാതവർ?
വൈരി വൈരസേനിക്കിഹ ഞാൻ കലി.

- തന്നിരിക്കുന്ന കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് ഉണ്ണായിവാര്യരുടെ രചനാസവിശേഷതകളെക്കുറിച്ച് ലഘുനിരൂപണം തയാറാക്കുക. (കഥാപാത്രസൃഷ്ടി, നാടകീയത, ഭാഷാശൈലി എന്നിവ പരിഗണിക്കണം.)

13. ആസ്വാദനക്കുറിപ്പ് തയാറാക്കുക 6

**ഞാൻ**

പൂവുകളായിരം കീറിമുറിച്ചു ഞാൻ
പൂവിന്റെ സത്യം പഠിക്കാൻ!
ഹൃദയങ്ങളായിരം കൊത്തിനുറുക്കി ഞാൻ
ഹൃദയത്തിൻ തത്വം പഠിക്കാൻ!
ഭൂമിതൻ കന്യയെ ക്കാട്ടിൽക്കളഞ്ഞു ഞാൻ
ഭൂപാലധർമ്മം പുലർത്താൻ!
ഒരു നൂറു വിഗ്രഹം തച്ചുതകർത്തു ഞാൻ
ഒരു പുതുവിഗ്രഹം തീർക്കാൻ!
നൂറു സഹോദരരെക്കൊന്നു ഞാ; നഞ്ചു-
പേർ 'കുരുക്ഷേത്രം' ജയിക്കാൻ!
പെരുവിരൽ ദക്ഷിണ ചോദിച്ചു ഞാൻ, ശിഷ്യൻ
വിരുതനായ് വില്ലെടുത്തപ്പോൾ!
ദീപങ്ങളൊക്കെക്കെടുത്തി ഞാൻ പ്രാർഥിച്ചു;
'ദീപമേ! നീ നയിച്ചാലും!........'
കുടിയിരുത്തീടുവാൻ ശാന്തിയെ, യുദ്ധത്തിൽ
ചുടലകളെത്ര ഞാൻ തീർത്തു!
ഈ യുഗത്തിന്നിതിഹാസത്തിലുണ്ടെന്റെ
യീ വീരസാഹസചിത്രം:
ഒരു തത്വശാസ്ത്രത്തിൻ തൈ നട്ടു ഞാ; നെന്നും
പിഴുതുനോക്കുന്നു വേരെണ്ണാൻ!

*ഒ. എൻ.വി. കുറുപ്പ്*

ആശയം, ആനുകാലികത, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക *(ഭൂപാലൻ -രാജാവ്)*